**പതിമൂന്നാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.51. 19.03.2013 ൽ മറുപടിയ്ക്ക്.

<u>സ്വകാര്യബസ്സുകളുടെ അനധികൃത സർവ്വീസ്</u>

| <u>ചോദ്യം</u><br>ശ്രീ. സി. കെ. സദാശിവൻ<br>,, പി. കെ. ഗുരുദാസൻ<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. ബി. സത്യൻ | | <u>ഉത്തരം</u><br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
|---|---|---|
| (എ) പെർമ്മിറ്റില്ലാതെ സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ; | (എ) | ഉണ്ട്.<br><br>നിയമവിരുദ്ധമായി പെർമ്മിറ്റില്ലാതെ സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകൾക്കെതിരെ 1988 ലെ മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 207 അനുശാസിക്കുന്ന പ്രകാരം വാഹനം കസ്റ്റഡിയിലെടുത്ത് നിയമാനുസൃതമായ തുടർനടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) കൊല്ലം, പത്തനംതിട്ട ജില്ലകൾ കേന്ദ്രീകരിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ദേശസാൽകൃത റൂട്ടുകളിലടക്കം നികുതി അടയ്ക്കാതെ സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്തുന്നത് തടയുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ; | (ബി) | നികുതിയടയ്ക്കാതെ സർവ്വീസ് നടത്തുന്നതായി പരിശോധനയിൽ കണ്ടെത്തിയാൽ വാഹനം കസ്റ്റഡിയിലെടുക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടികളിൽ ഇത്തരം അനധികൃത സർവ്വീസുകൾ സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചുവെന്നും അവയിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദമാക്കാമോ ? | (സി) | പരാതികൾ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.